

സോൻഭദ്രയിലെ ഉംഭ ഗ്രാമത്തിലെത്തിയ കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധി ഗ്രാമീണർക്കൊപ്പം പാടവരമ്പത്തൂടെ നടക്കുന്നു.

## തോട്ടങ്ങളിലെ ഓണക്കിറ്റ് വിതരണം: 18,22,00 രൂപ അനുവദിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കൊല്ലം ജില്ലകളിലെ പൂട്ടിക്കിടക്കുന്ന 16 തോട്ടങ്ങളിലെ 1822 റേഷൻ കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 18,22,000 രൂപ അനുവദിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് ഉത്തരവായി.

1000 രൂപയുടെ 17 ഇനങ്ങൾ അടങ്ങുന്ന ഓണക്കിറ്റാണ് സപ്ലൈക്കോയുമായി ബന്ധപ്പെട്ടു വിതരണം ചെയ്യുന്നത്. മട്ട അരി, പഞ്ചസാര, നെയ്യ്, തേയില (ശബരി), വെളിച്ചെണ്ണ (ശബരി), ശർക്കര, ചെറുപയർ, അട, തുവരപ്പരിപ്പ്, വറ്റൽ മുളക്, മല്ലി, ജീരകം, കടുക്, കായം, പപ്പടം, മഞ്ഞൾപ്പൊടി, അണ്ടിപ്പരിപ്പ് / ഏലക്ക / ഉണക്ക മുന്തിരി എന്നീ ഇനങ്ങളാണു കിറ്റിലുള്ളത്. 2019 -20 സാമ്പത്തിക വർഷത്തെ പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന എന്ന ശീർഷകത്തിൽനിന്നാണ് ഇതിനുള്ള തുക വിനിയോഗിക്കുന്നത്.

സപ്ലൈകോ മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണർ തുടർ നടപടികൾ സ്വീകരിക്കും. ലേബർ കമ്മീഷണറേറ്റിലെ കോൾ സെന്റർ നമ്പറായ 1800 4255 5214 എന്ന ടോൾ ഫ്രീ നമ്പറിലോ കമ്മീഷണറേറ്റിലെ റിസപ്ഷൻ നമ്പറായ 0471 2783900 എന്ന നമ്പറിലോ അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടാം.




എറണാകുളം പ്രസ് ക്ലബിന്റെ മഴക്കെടുതി ദുരിതാശ്വാസ പദ്ധതിയായ 'നാടിനായി നന്മയാകാം' വഴി പ്രളയമേഖലകളിൽ വിതരണം ചെയ്യുന്നതിനുള്ള സാധനങ്ങൾ, ആസ്റ്റർ ബ്രാൻഡിംഗ് വിഭാഗം മേധാവി ചഞ്ചൽ ഗംഗാധരനിൽനിന്നു പ്രസ് ക്ലബ് സെക്രട്ടറി സുഗതൻ പി. ബാലൻ, എക്സി. അംഗങ്ങളായ സിജോ പൈനാടത്ത്, ഷബ്ന സിയാദ്, ജിപ്സൺ സിക്കേര എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു. ആസ്റ്റർ സീനിയർ എക്സിക്യൂട്ടീവുമാരായ പ്രവീൺ നാരായൺ, ഫെമി നിർമൽ, അസി. മാനേജർ ശരത്കുമാർ എന്നിവർ സമീപം.

## പ്രളയ ദുരിതാശ്വാസം: പ്രസ് ക്ലബുമായി കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റിയും

**കൊച്ചി:** മഴക്കെടുതിയുടെയും ഉരുൾപൊട്ടലിന്റെയും ഇരകളായവർക്കു കൈത്താങ്ങാകാൻ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയും എറണാകുളം പ്രസ് ക്ലബിന്റെ മഴക്കെടുതി ദുരിതാശ്വാസ പദ്ധതിയായ 'നാടിനായി നന്മയാകാം' വഴി പ്രളയമേഖലകളിൽ വിതരണം ചെയ്യുന്നതിന് ഒരു ലക്ഷം രൂപയിലധികം വിലമതിക്കുന്ന വസ്ത്രങ്ങളാണ് ആശുപത്രി അധികൃതർ കൈമാറിയത്.

ആസ്റ്റർ മെഡ്സിറ്റി ബ്രാൻഡിംഗ് വിഭാഗം മേധാവി ചഞ്ചൽ ഗംഗാധരൻ ദുരിതാശ്വാസ സാമഗ്രികൾ പ്രസ് ക്ലബ് സെക്രട്ടറി സുഗതൻ പി. ബാലൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ സിജോ പൈനാടത്ത്, ഷബ്ന സിയാദ്, ജിപ്സൺ സിക്കേര, എ.എസ്. സതീഷ്, പി.വി. ബിന്ദു എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. ആസ്റ്റർ സീനിയർ എക്സിക്യൂട്ടീവുമാരായ പ്രവീൺ നാരായൺ, ഫെമി നിർമൽ, അസി. മാനേജർ ശരത്കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## നെടുങ്കണ്ടം കസ്റ്റഡി മരണക്കേസ്: എസ്ഐ സാബുവിനു ജാമ്യം

**കൊച്ചി:** നെടുങ്കണ്ടം കസ്റ്റഡി മരണക്കേസിലെ ഒന്നാം പ്രതി എസ്ഐ കെ.എ. സാബുവിനു ഹൈക്കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. അന്വേഷണത്തിന്റെ പ്രധാനഘട്ടം കഴിഞ്ഞതു കണക്കിലെടുത്തു പ്രതി കസ്റ്റഡിയിൽ തുടരേണ്ടതില്ലെന്നു വിലയിരുത്തിയാണു ജസ്റ്റിസ് ബി. സുധീന്ദ്ര കുമാറിന്റെ ഉത്തരവ്.

ജാമ്യഹർജി തീർപ്പാക്കാനായി നടത്തിയ പരാമർശങ്ങൾ കേസിന്റെ വിശദാംശങ്ങളിലേക്കു കടന്നുള്ളതല്ലെന്നും അന്വേഷണത്തെ ഈ നിരീക്ഷണങ്ങൾ ബാധിക്കരുതെന്നും സിംഗിൾബെഞ്ചിന്റെ വിധിയിൽ പറയുന്നു.

### മാധ്യമപ്രവർത്തകന്റെ മരണം

# നടക്കുന്നതു ക്രമംതെറ്റിയ മോശമായ അന്വേഷണം

**കൊച്ചി:** മദ്യലഹരിയിൽ ഓടിച്ച കാറിടിച്ചു മാധ്യമ പ്രവർത്തകൻ കൊല്ലപ്പെട്ട കേസിലെ അന്വേഷണവുമായി ബന്ധപ്പെട്ട പോലീസ് നടപടികളിൽ ഹൈക്കോടതിയുടെ വിമർശനം. സംഭവത്തെത്തുടർന്നു കേസെടുത്തതു മുതൽ മോശമായതും ക്രമംതെറ്റിയതുമായ അന്വേഷണമാണു നടക്കുന്നതെന്നു ഹൈക്കോടതി പറഞ്ഞു.

തലസ്ഥാനത്തു പോലീസ് ആസ്ഥാനത്തുനിന്നു കല്ലെറിഞ്ഞാലെത്തുന്ന സ്ഥലത്താണു സംഭവം നടന്നതെന്നു കോടതി ചൂണ്ടിക്കാട്ടി. നഗരത്തിൽ പലയിടങ്ങളിലും പോലീസ് കാമറകൾ വച്ചിട്ടില്ലെന്നു രേഖകളിൽ വ്യക്തം. അപകടം നടന്ന റോഡിലും പോലീസ് കാമറയില്ലെന്നു റിപ്പോർട്ടുകൾ പരിശോധിച്ചാലറിയാനാവും. സത്യം തെളിയിക്കാൻ പ്രതിയിൽനിന്നു തെളിവുകൾ ലഭിക്കുമെന്നു പോലീസ് കരുതരുത്.

സംഭവത്തിനുശേഷം ആശുപത്രിയിലെത്തിയ പ്രതിയുടെ രക്തസാമ്പിൾ പോലീസ് പരിശോധനയ്ക്കെടുത്തത് ഒൻപത് മണിക്കൂർ കഴിഞ്ഞാണ്. മദ്യപിച്ചു വണ്ടിയോടിച്ചെന്ന കുറ്റം തെളിയിക്കാൻ പരിശോധന നിർബന്ധമാണ്. ഇത്തരം തെളിവുകൾ ശേഖരിക്കാതെ വെറുതേ ആരോപണം ഉന്നയിച്ചിട്ട് കാര്യമില്ല. സംഭവത്തിൽ പോലീസിന് വീഴ്ചയുണ്ട്. പരിശോധനയിൽ വീഴ്ച വരുത്തിയതിലുള്ള പോലീസിന്റെ വിശദീകരണം സ്വീകാര്യമല്ല. നിലവിലെ സാഹചര്യത്തിൽ രക്ത പരിശോധന വൈകിയതിനെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതാണ് നല്ലത്.

ശാസ്ത്രീയമായി തെളിവു ശേഖരിക്കാൻ പോലീസിന് പ്രത്യേക പദ്ധതിയുണ്ടാകണം. ജില്ലകൾ തോറും പരിശോധനയ്ക്കു ലാബ് സ്ഥാപിക്കാതെ അപാകതയുണ്ടെന്നു പറഞ്ഞിട്ടു കാര്യമില്ല. അന്വേഷണത്തിൽ മികച്ച ഏകീകരണം വേണമെന്ന് അധികൃതർ തിരിച്ചറിയണം. നടപടിക്രമം പാലിക്കണമെന്ന നിർദേശം പാലിക്കാത്തതിന് ഉദാഹരണമാണ് ഈ കേസ്. കേസെടുത്തതിലും അന്വേഷണത്തിലും ഉദ്യോഗസ്ഥരെ മാത്രം കുറ്റപ്പെടുത്തേണ്ടതില്ല. ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ മികച്ച നടപടിക്രമം അനിവാര്യമാണെന്നും ക്രിമിനിൽ അന്വേഷണ രീതി മെച്ചപ്പെടുത്തണമെന്നും കോടതി വ്യക്തമാക്കി.

## പുഴകളിലെ മണൽവാരൽ നിരോധനവും വെള്ളപ്പൊക്കത്തിനു കാരണമെന്നു നിഗമനം

**ഇരിട്ടി:** പുഴകളിലെ മണൽവാരൽ നിരോധിച്ചത് വ്യാപകമായ വെള്ളപ്പൊക്കത്തിന് ഒരുപരിധിവരെ കാരണമായതായി റവന്യൂവകുപ്പിന്റെ നിഗമനം. നിയമാനുസൃതം മണൽ വാരി പുഴകളുടെ പഴയ ആഴത്തിലേക്ക് എത്തിയില്ലെങ്കിൽ വരുംവർഷങ്ങളിലും വെള്ളപ്പൊക്ക സാധ്യതയേറെയാണെന്ന ആശങ്ക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജില്ലാ കളക്ടറെ അറിയിച്ചുകഴിഞ്ഞു. പ്രളയബാധിത മേഖലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരും ഇക്കാര്യം കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പുഴകളിലെ മണൽ ലേലംചെയ്യാൻ പഞ്ചായത്തുകൾക്ക് അനുമതിയില്ലാത്തതും കഴിഞ്ഞ രണ്ടു വർഷമായി മണൽവാരലിന് കർശനനിയന്ത്രണം ഏർപ്പെടുത്തിയതും പഴശി ഡാമിലെയും പുഴകളിലെയും ജലസംഭരണശേഷി കുറച്ചതായാണ് ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ. പഴശി പദ്ധതിയുടെ ഭാഗമായ ബാരാപോൾ, ബാവലി പുഴകളിൽ അഞ്ചു മീറ്റർ വരെ ഉയരത്തിലാണ് ഉരുൾപൊട്ടിയും അല്ലാതെയും മണൽ വന്നടിഞ്ഞിരിക്കുന്നത്.

ഗ്രാമീണ മേഖലകളിലെ ചെറുതോടുകളിൽ കാർഷികാവശ്യത്തിന് വെള്ളം കെട്ടിനിർത്തിയ തടയണകൾ പലതും പൊളിച്ചു നീക്കാത്തതും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസപ്പെടുത്തിയതായും വിലയിരുത്തലുണ്ട്.

ഇരിട്ടി പുഴയിൽ പാലം നിർമാണത്തിനായി മണ്ണിട്ടതുപോലെ ബാരാപോൾ പദ്ധതിക്കായി ലോഡുകണക്കിന് മണ്ണ് പുഴയിലിട്ടതും പുഴയുടെ ആഴം കുറയാൻ കാരണമായി.

ബാരാപോൾ, ബാവലി പുഴകളിൽ വെള്ളം കുത്തനേ ഉയർന്നതാണ് പായം, മുഴക്കുന്ന്, അയ്യൻകുന്ന് പഞ്ചായത്തുകളിലും ഇരിട്ടി ടൗണിലും വെള്ളം കയറാൻ പ്രധാന കാരണം. പഴശി ഡാമിലും പരിസരത്തും മണൽ വന്നു മൂടിയത് ഡാമിന്റെ സംഭരണശേഷി കുത്തനേ കുറച്ചു.

പ്രളയസമയത്ത് പഴശി ഡാമിൽ ഇത്തവണയും ലോഡുകണക്കിന് മരങ്ങളാണ് ഒഴുകിയെത്തിയത്. കൂറ്റൻ മരങ്ങൾ ഷട്ടറുകളിൽ ശക്തിയായി ഇടിച്ചതിനാൽ ഉയർത്തിവച്ച ചില ഷട്ടറുകൾ അല്പം താഴുകയും ചെയ്തിരുന്നു. മരങ്ങളിടിച്ച് ഷട്ടറുകൾക്ക് തകരാറും സംഭവിച്ചിട്ടുണ്ട്.

പാലപ്പുഴ, കച്ചേരിക്കടവ്, മാക്കൂട്ടം പുഴകളിൽ കഴിഞ്ഞവർഷത്തെ പ്രളയത്തിൽ ഒലിച്ചെത്തിയ മരങ്ങൾ ഇപ്പോഴും നീക്കംചെയ്യാതെ കിടക്കുമ്പോഴാണ് വീണ്ടും പ്രളയമുണ്ടായത്.

പുഴയിൽ വന്നടിഞ്ഞ മരങ്ങളുടെ കാര്യത്തിൽ വനംവകുപ്പാണ് നടപടിയെടുക്കേണ്ടതെങ്കിലും കർണാടകയുടേതാണോ കേരളത്തിന്റേതാണോ മരമെന്ന സംശയത്തിൽ മരങ്ങൾ നീക്കിയിരുന്നില്ല.

ഇതോടൊപ്പം ഇത്തവണ ഒഴുകിയെത്തിയ മരങ്ങൾ കൂടിയായപ്പോൾ പലയിടത്തും സ്ഥിതി നിയന്ത്രണാതീതമായി.

## ഫാ. റെജിനാൾഡ് എഡ്വേർഡ് സിസിബിഐ സെക്രട്ടറി ജനറൽ



**ന്യൂഡൽഹി:** ഇന്ത്യയിലെ ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിയുടെ (സിസിബിഐ) കീഴിലുള്ള ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള സമിതിയുടെ സെക്രട്ടറി ജനറലായി ഫാ. റെജിനാൾഡ് എഡ്വേർഡ് ഡിമെല്ലോയെ നിയമിച്ചു. ബാംഗളൂരിൽ ചേർന്ന് സിസിബിഐയുടെ 83-ാമത് എക്സിക്യൂട്ടീസ് കമ്മിറ്റിയുടേതാണ് തീരുമാനം. സത്യഗിരി ഡൊമിനിക്കൻ സെന്ററിന്റെ മുൻ ഡയറക്ടറായിരുന്നു ഫാ. റെജിനാൾഡ് എഡ്വേർഡ്. കർണാടകയിലെ ഉടുപ്പി അതിരൂപത അംഗമാണ്. ഉടുപ്പി കല്യാൺപൂരാണ് സ്വദേശം.

## സമരം മാറ്റിവച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ നല്കിയ വാഗ്ദാനങ്ങൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് ഓൾ കേരള ടെയ്ലേഴ്സ് അസോസിയേഷൻ 21ന് സംസ്ഥാന തലത്തിൽ താലൂക്ക് കേന്ദ്രങ്ങളിലേക്ക് നടത്താൻ നിശ്ചയിച്ചിരുന്ന സമരം പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ചതായി ജില്ലാ സെക്രട്ടറി അറിയിച്ചു.

## കെജിടി പരീക്ഷ മാറ്റി

**തിരുവനന്തപുരം:** ഇന്ന് നടക്കേണ്ട കെജിടി (കൊമേഴ്സ്) ഷോർട്ട് ഹാൻഡ് മലയാളം ലോവർ, ഹയർ പരീക്ഷകൾ 21 ലേക്ക് മാറ്റിയതായി പരീക്ഷാഭവൻ സെക്രട്ടറി അറിയിച്ചു.

## മാധ്യമ അവാർഡ് 2018: അപേക്ഷാ തീയതി നീട്ടി

**തിരുവനന്തപുരം:** മാധ്യമ പ്രവർത്തകർക്കുള്ള 2018ലെ സംസ്ഥാന സർക്കാരിന്റെ മാധ്യമ അവാർഡിന് എൻട്രികൾ അയയ്ക്കാനുള്ള തിയതി നീട്ടി. എൻട്രികൾ 26ന് വൈകിട്ട് അഞ്ച്വരെ സ്വീകരിക്കും. അവാർഡ് സംബന്ധിച്ച മാർഗരേഖ www.prd. kerala. gov.inൽ പരിശോധിക്കാം.



**കാലിക്കട്ട് സർവകലാശാലയിൽനിന്ന് മലയാളത്തിൽ പിഎച്ച്ഡി നേടിയ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിലെ ഗസ്റ്റ് ഫാക്കൽറ്റി മെറിൻ ജോയ്. തൃശൂർ വാഴപ്പിള്ളി ജോയി-വിറ്റി ദമ്പതികളുടെ മകളും കാലടി ആദിശങ്കര കോളജ് മെക്കാനിക്കൽ എൻജിനിയറിംഗ് വിഭാഗം അസി.പ്രഫസർ ആലപ്പാട് ബെൻ ഓസ്റ്റിൻ ബി. ആലപ്പാട്ടിന്റെ ഭാര്യയുമാണ്.**

## ബിഫാം സ്പോട്ട് അഡ്മിഷൻ മാറ്റിവച്ചു

**തിരുവനന്തപുരം:** ഇന്ന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടത്താനിരുന്ന ബിഫാം കോഴ്സിന്റെ 2019-20 അധ്യയന വർഷത്തെ സ്പോട്ട് അഡ്മിഷൻ മാറ്റിവച്ചു.

## കിക്മയിൽ എംബിഎ അഡ്മിഷൻ 14ന്

**തിരുവനന്തപുരം:** പൊതു അവധിയെത്തുടർന്ന് കഴിഞ്ഞ ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന എംബിഎ സ്പോട്ട് അഡ്മിഷൻ 14ന് രാവിലെ 10ന് നെയ്യാർ ഡാം കിക്മ ക്യാമ്പസിൽ നടത്തും. കെ-മാറ്റ് സ്കോർ കാർഡും ഡിഗ്രി സർട്ടിഫിക്കറ്റുമുള്ളവർക്ക് പങ്കെടുക്കാം. ഫോൺ: 8547618290,

## ആയുർവേദ കോഴ്സുകൾക്ക് അഖിലേന്ത്യാക്വോട്ട

**തിരുവനന്തപുരം:** കേരളത്തിലെ ആയുർവേദ മെഡിക്കൽ കോളജുകളിലെ പി.ജി.ആയുർവേദ ബിരുദ കോഴ്സുകൾക്ക് 2019-20 അക്കാദമിക് വർഷത്തിൽ 15 ശതമാനം അഖിലേന്ത്യാ ക്വോട്ട അനുവദിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.aaccc.gov.in, www.ayush.gov.in സന്ദർശിക്കുക. 2019-20 അക്കാദമിക് വർഷം കേരള ആരോഗ്യ സർവകലാശാലയുടെ അനുമതിക്ക് വിധേയമായി മൂന്ന് സർക്കാർ ആയുർവേദ കോളജുകളിലും, കോട്ടയ്ക്കൽ വിപിഎസ്വി ആയുർവേദ കോളജിലും പിജി(ആയുർവേദ) ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കും.

## ഓണം ഖാദി മേള ഉദ്ഘാടനം മാറ്റി

**തിരുവനന്തപുരം:** അപ്രതീക്ഷിതമായുണ്ടായ പ്രകൃതി ദുരന്തം കാരണം ഖാദി ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി നടത്താനിരുന്ന ഓണം ഖാദി മേളയുടെ സംസ്ഥാന-ജില്ലാതല ഉദ്ഘാടന പരിപാടികൾ മാറ്റിവച്ചു. 16 മുതൽ സെപ്റ്റംബർ 10 വരെ എല്ലാ ജില്ലകളിലും 20 മുതൽ 30 ശതമാനം വരെ സർക്കാർ റിബേറ്റ്/ഡിസ്ക്കൗണ്ടോടു കൂടി വിപണന മേളകൾ നടക്കും.

## ലിസിയിൽ ബിസിവിടി കോഴ്സ്

**കൊച്ചി:** എറണാകുളം ലിസി ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ലിസി കോളജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിൽ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി (ബിസിവിടി) കോഴ്സ് ആരംഭിക്കുന്നു. കേരള സർക്കാരിന്റെയും ആരോഗ്യ സർവകലാശാലയുടെയും അംഗീകാരമുള്ള ഈ ഡിഗ്രി കോഴ്സ് നാലു വർഷമാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 50 ശതമാനം മാർക്കോടെയുള്ള പ്ലസ്ടുവോ തത്തുല്യ യോഗ്യതയോ ഉള്ളവർക്കാണു പ്രവേശനം.

അതിനൂതന സാങ്കേതികവിദ്യകളിലൂടെ ഹൃദയത്തിന്റെ രോഗാവസ്ഥയും അതിന്റെ തീവ്രതയും കൃത്യമായി നിർണയിക്കുന്നതിലും ചികിത്സിക്കുന്നതിലും കാർഡിയോളജിസ്റ്റിനെ സഹായിക്കുക എന്നതാണു ബിസിവിടി പ്രഫഷണലുകളുടെ പ്രധാന ഉത്തരവാദിത്വം. ഈ വർഷത്തെ അഡ്മിഷന് വേണ്ടിയുള്ള അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17. വിവരങ്ങൾക്ക്: www.li men.in. ഫോൺ: 0484 2755049.

## എച്ച്ഡിസി ആൻഡ് ബിഎം പുതുക്കിയ പരീക്ഷാതീയതി

**തിരുവനന്തപുരം:** മഴക്കെടുതി കാരണം മാറ്റിവച്ച എച്ച്ഡിസി ആൻഡ് ബിഎം പരീക്ഷ തീയതി പുന:ക്രമീകരിച്ചു. എച്ച്ഡിസി ആൻഡ് ബിഎം രണ്ടാം സെമസ്റ്റർ (2014 പുതിയ സ്കീം) ഈ മാസം 17ന് ഫംഗ്ഷണൽ ഏരിയാസ് ഓഫ് മാനേജ്മെന്റും 20 ന് മോഡേൺ ബാങ്കിംഗ് തിയറി ആൻഡ് പ്രാക്ടീസും 27 ന് സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ആൻഡ് ആപ്ലിക്കേഷൻസ് പരീക്ഷയും നടക്കും.

എച്ച്ഡിസി ആൻഡ് ബിഎം രണ്ടാം സെമസ്റ്റർ പരീക്ഷ (2008-13 പഴയ സ്കീം) ഈ മാസം 17 ന് ഫംഗ്ഷണൽ മാനേജ്മെന്റും 20 ന് ബാങ്കിംഗും 27 ന് രാവിലെ പത്ത് മുതൽ 12 വരെ സോഫ്റ്റ്വെയർ ആപ്ളിക്കേഷൻസും ഒന്ന് മുതൽ നാല് വരെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പരീക്ഷയും നടക്കും. ഒന്നാം സെമസ്റ്റർ പരീക്ഷ ഉൾപ്പെടെയുള്ള മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

## ശ്രീറാം അമിത വേഗത്തിലാണു കാറോടിച്ചിരുന്നതെന്നു ദൃക്സാക്ഷി

**തിരുവനന്തപുരം:** മാധ്യമ പ്രവർത്തകൻ കെ.എം. ബഷീർ കാറിടിച്ചു മരിച്ച സംഭവത്തിൽ ഐഎഎസ് ഉദ്യോഗസ്ഥൻ ശ്രീറാം വെങ്കിട്ടരാമൻ അമിത വേഗത്തിലായിരുന്നു കാർ ഓടിച്ചിരുന്നതെന്നു ദൃക്സാക്ഷി മൊഴി നല്കി. മദ്യലഹരിയിലായിരുന്നുവെന്നു തോന്നിയതായും ദൃക്സാക്ഷിയായ രാഹുൽ മൊഴി നല്കി.

ഫിസിയോതെറാപ്പിസ്റ്റായ രാഹുലിൽ നിന്ന് പ്രത്യേക അന്വേഷണ സംഘം ഇന്നലെ മൊഴി രേഖപ്പെടുത്തി. കഴക്കൂട്ടത്ത് ഫിസിയോ തെറാപ്പി സെന്ററിൽ ജോലി ചെയ്യുന്ന രാഹുൽ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങും വഴിയാണ് അപകടം കണ്ടത്.

കാർ അമിത വേഗത്തിലെത്തി കെ.എം. ബഷീറിന്റെ ബൈക്കിൽ ഇടിക്കുകയായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ മൊഴി. അപകടം നടന്നശേഷം പുറത്തേക്കിറങ്ങിയ ഡ്രൈവർ മദ്യ ലഹരിയിലായിരുന്നതായും രാഹുൽ മൊഴി നല്കിയിട്ടുണ്ടെന്നാണ് സൂചന.

## ഡൽഹിയിലെ പ്രളയ ദുരിതാശ്വാസത്തിൽ കേരള ഹൗസിന് റെട്രോഗേറ്റ് അംനീഷ്യ !

**ന്യൂഡൽഹി:** പ്രളയത്തിൽ നിന്നു കരകയറുന്നതിനുള്ള ദുരിതാശ്വാസ സഹായത്തിന് ചെക്ക് വച്ച് ഡൽഹിയിലെ കേരള ഹൗസ്. ചെക്കും ഡ്രാഫ്റ്റും സ്വീകരിക്കുന്നതിന് മാത്രമായി ഒരു കളക്ഷൻ സെന്റർ രൂപീകരിച്ച് കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധി എ. സമ്പത്തും കേരള ഹൗസ് റസിഡന്റ് കമ്മീഷണർ പുനീത് കുമാറും പ്രവർത്തനത്തിന് തുടക്കം കുറിച്ചു. കഴിഞ്ഞ വർഷം പ്രളയകാലത്തും കേരള ഹൗസിൽ സാധനങ്ങൾ സമാഹരിച്ചു നൽകുന്നതിനെ പുനീത് കുമാർ എതിർപ്പ് ഉയർത്തിയിരുന്നു. എന്നാൽ, ചെക്കും ഡ്രാഫ്റ്റും മാത്രമാണെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നേരിട്ടു നൽകിയാൽ പോരെ, കളക്ഷൻ സെന്റർ വേണോ എന്നാണ് ഡൽഹി മലയാളികളുടെ ചോദ്യം.


ദീപിക ക്ലാസിഫൈഡ്സ്

**വായനക്കാർ ശ്രദ്ധിക്കാൻ**

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

**വിദ്യാഭ്യാസം**

NURSING / BPT BBA (AVIATION) ADMISSION
2004ൽ സ്ഥാപിതമായ ഇൻഫെന്റ് ജീസസ് എഡ്യുക്കേഷണൽ&ചാരിറ്റബിൾ ട്രസ്റ്റ്, ബാംഗ്ലൂരിന്റെ കീഴിൽ INC, KNC, IAP, RGUHS & BANGALORE UNIVERSITY അംഗീകാരമുള്ള ജോസ്കോ ഇൻസ്റ്റിറ്റ്യൂഷൻസിലേക്ക് 2019 – 2020 വർഷത്തേക്കുള്ള GNM, B.Sc (N), M.Sc (N), Post B.Sc (N), BPT, BBA (Aviation Management) കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. 100% വിജയം നേടിവരുന്ന ജോസ്കോ ഇൻസ്റ്റിറ്റ്യൂഷന് സ്വന്തമായി ക്യാമ്പസ്, സ്വന്തം ഹോസ്പിറ്റൽ, വിശുദ്ധ കുർബാന നടന്നുവരുന്ന കോളേജ് ചാപ്പൽ, കേരള ഫുഡ്, നാഷണൽ സ്കോളർഷിപ്പ് സ്കീം, ബാങ്ക് ലോൺ സൗകര്യം തുടങ്ങിയവ ഉണ്ടായിരിക്കും. വിവരങ്ങൾക്ക്: -
Adv. Saju T. Joseph (Chairman)
JOSCO INSTITUTIONS
Nelamangala, BANGALORE
Josco Information Centre
T.K. Road, THIRUVALLA
Email: joscoinstitutions@gmail.com
Ph. 98453 76030, 96206 36768
E1905-399456

**ടൂർസ് & ട്രാവൽസ്**

വിശുദ്ധനാട്, യൂറോപ്പ്
സെപ്റ്റംബർ 28–ാം തീയതി 12 ദിവസത്തെ വിശുദ്ധനാടും ഒക്ടോബർ 1 നും 9 നും യൂറോപ്പ് തീർത്ഥാടനവും പാലായിൽനിന്ന് പുറപ്പെടുന്നു.
സിയാ ഹോളിഡേയ്സ്, പാലാ. Mob: 9447037518
K1908-405509

**ആർമറി**

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
■ മാഗസിനിൻ ■ 18 ബിബി
■ 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
Ph:0484-2371598, 2353589
Stockist: Cochin Air Guns
Mob: 9061987450
E1905-400842

**ബിസിനസ്**

കാഷ്യർ
തൃശൂർ ജില്ലയിൽ ഇരിങ്ങാലക്കുടയിലെ പ്രമുഖ ചിക്കൻ ഷോപ്പിലേക്ക് താമസിച്ച് ജോലി ചെയ്യുന്നതിന് കാഷ്യറിനെ ആവശ്യമുണ്ട്.
8078939008, 9447710167
T1908-405938

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
8606825778
ബ്ലോക്ക്, റിപ്പയറിംഗ്, ഡ്രൈനേജ് ക്ലീനിംഗ്, പൈപ്പ് മാറ്റൽ, ജില്ലയിൽ എവിടെയും രാത്രിയും പകലും.
9745204656
T1908-405664

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148
T1907-405497

അടയ്ക്കാ മെഷീൻ
അടയ്ക്ക പൊളിക്കുന്ന മെഷീനും 50% വരെ സബ്സിഡിക്കും സൗജന്യ പരിശീലനത്തിനും വിളിക്കുക.
Ph: 9495067511
C1907-405471

Wedding Cards
VALAVI & Co.
Providence Road, Ernakulam
0484 2393018, 2393019
Trivandrum - Ph: 0471 2571105
Kollam - Ph: 0474 2760996
Thodupuzha - Ph: 04862 224970
Angamaly - Ph: 0484-2454398
Adoor - 04734 - 228990, 329111
Kannur - 9400556590
Trichur - Ph: 0487 2322182
Kottakal - Ph: 0483-3213355
Kanhangad ph: 9447301881
Kayamkulam Ph: 0479 3209635
E1908-406026

ഹോം ലോൺ @8.40%*
Salaried (Private & Govt.), NRI's & Self Employed
• വീടുകൾ, ഫ്ളാറ്റുകൾ എന്നിവ വാങ്ങുന്നതിനും, സ്ഥലം വാങ്ങുന്നതിനും, വീടിന്റെ അറ്റകുറ്റപണികൾക്കും വായ്പ.
• നിങ്ങളുടെ നിലവിലുള്ള ഹൗസിംഗ് ലോണുകൾ (കോ-ഓപ്പറേറ്റീവ് ബാങ്കുകളുടേതുൾപ്പടെ) ആകർഷകമായ പലിശനിരക്കിലേയ്ക്ക് മാറ്റുന്നു
• Bank over draft / Loan against property @9.75%*
• Personal Loan @10.99%*
• Used car Loan @12.00%*
• Gold Loan @10.50%*
• ബിസിനസ്സ് ലോൺ
1 ലക്ഷം മുതൽ 1 കോടി വരെ (ഈട് ഇല്ലാത്ത വായ്പ)
GOLDMATE Business Solutions Pvt. Ltd.
A real mate for your golden moments.
(Direct Selling Agent)
*Conditions apply
Penta Tower, Kaloor, Cochin
harivalapad@gmail.com
Ph: 9562794739, 0484 4857739
E1907 405375

**ഹോം നഴ്സിംഗ്**

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം, (Female, Male) വീട്ടുജോലി, ശിശുപരിപാലനം, പ്രസവശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി ലഭിക്കേണ്ടവരും ബന്ധപ്പെടുക.
കൃപ ഹോം നേഴ്സിംഗ്
(ഈരാറ്റുപേട്ട റോഡ്)
ഗവ.ആയുർവേദ ആശുപത്രിക്ക് സമീപം
മുട്ടം, തൊടുപുഴ
Ph: 7902857211
04862-255982
K1908-405633

വെസ്റ്റേൺ ഹോം നേഴ്സിംഗ്
പത്തൊമ്പത് വർഷത്തെ സേവനപാരമ്പര്യമുള്ള സ്ഥാപനത്തിൽ രോഗീപരിചരണം, പ്രസവ ശുശ്രൂഷ, ശിശുപരിപാലനം, വീട്ടുജോലി (സ്ത്രീ, പുരുഷൻ). ശമ്പളം: Rs.13,000-23,000. ജോലിക്കും ജോലിക്കാർക്കും ബന്ധപ്പെടുക.
വെസ്റ്റേൺ ഹോം നേഴ്സിംഗ്
ഇഞ്ചനാട്ട് ബിൽഡിംഗ്
ഈരാറ്റുപേട്ട റോഡ്
മുട്ടം, തൊടുപുഴ
Ph: 04862-255326, 9388810095, 9446813356
K1907-403639

Study & Work in GERMANY
Excellent opportunity for Nurse's, Doctor's, Pharmacist's, X-Ray/Lab Technician's
100% Guaranteed placements
Pathway course to AUSTRALIA
Study Hospitality Management in Malaysia with paid internship.
No need for IELTS, No Interview or Bank Balance.
Rhema International Overseas Education Consultancy
Carmel Complex, Railway Station Road, Chalakudy, Pin-680 307
Ph: 7511121515, 9388385711
www.studyoec.com,
email: rhema@christegroup.info
T1907-403227

**പണയസ്വർണം**

പണയസ്വർണ്ണം പത്രവിലയ്ക്ക്
വിൽക്കുവാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ദുബായ് ഗോൾഡ്, ആലപ്പുഴ
Ph: 92077 04455
98954 38557
K1907-405201

പണയസ്വർണ്ണം
ബേങ്കിൽ പണയത്തിലുള്ള സ്വർണ്ണം വീണ്ടെടുത്ത് ഉയർന്ന വിലയ്ക്ക് വിൽക്കാൻ സഹായിക്കുന്നു. കമ്മീഷനില്ലാതെ
ജില്ലകൾതോറും എക്സിക്യൂട്ടീവുകൾ
കൊമ്മേരി ജ്വല്ലറി
9847875916
9847301916
Z1908-406084

പണയസ്വർണ്ണം വിൽക്കാൻ
കമ്മീഷനില്ലാതെ പണയത്തിലുള്ള സ്വർണ്ണം എടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം സർവ്വീസ്
അൽ-മിനാർ ഗോൾഡ്
9747 32 41 81
9496 21 97 40
Z1907-404921

സലാലാ ഗോൾഡ്
ബാങ്കിൽ പണയം വെച്ച സ്വർണ്ണം തിരിച്ചെടുത്ത് വിൽക്കാൻ സഹായിക്കുന്നു.
8129439988
Z1907-404923

ബാങ്ക് പണയസ്വർണ്ണം
കമ്മീഷനില്ലാതെ പണയത്തിലിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
നിവേദ്യം ഗോൾഡ്
9048169782
Z1908-405739

ആവശ്യമുണ്ട്
1. സെക്രട്ടറി : ജില്ലാറെഡ്ക്രോസ് ഓഫീസ്, യോഗ്യത : MSW/MBA With Computer Experience, പ്രവർത്തിപരിചയം : 5 years & above, 2. ഫിസിയോതെറാപിസ്റ്റ് : (Male & Female) റെഡ്ക്രോസ്ഭവൻ, കാക്കനാട്, യോഗ്യത : BPT പ്രവർത്തിപരിചയം : 3 Years
BI സഹിതം 7 ദിവസത്തിനകം അപേക്ഷിക്കുക
ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി ജില്ലാ ബ്രാഞ്ച്
ജനറൽ ഹോസ്പിറ്റൽ ക്യാമ്പസ്
കൊച്ചി,0484 2370570,
E mail : redcrossekm @ gmail.com
ചെയർമാൻ, IRCS
E1908-406293

**റിയൽ എസ്റ്റേറ്റ്**

വീട്, സ്ഥലം ആവശ്യമുണ്ട്
വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, ബിൽഡിംഗുകൾ, എസ്റ്റേറ്റുകൾ ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്
9388 799 799
www. malabarproperty.in
Z1907-404375

പരസ്യം
ചാലക്കുടി താലൂക്ക് തിരുമുക്കുളം വില്ലേജ് സർവ്വെ 863/2ൽ പെട്ട 5.06 ആർ വസ്തുവകകൾ അന്നമനട സബ് രജിസ്ട്രി വക 2007 ലെ 4332 ആം നമ്പർ സെറ്റിൽമെൻറ് ഡീഡ് പ്രകാരം കുഴൂർ കരയിൽ മുല്ലക്കാട്ടുപറമ്പിൽ ബാബു ഭാര്യ ജോയ്സി പേർക്ക് തീറും കൈവശവും ലഭിച്ചിട്ടുള്ളതാണ്.
ടി ആധാരത്തിന്റെ മുന്നാധാരങ്ങളിൽ പെട്ട അന്നമനട സബ് രജിസ്ട്രി വക 1999 ലെ 2703 ഉം, മാള സബ് രജിസ്ട്രി വക 927/1972 ഉം 1227/1976 ഉം നമ്പർ മുന്നാധാരങ്ങളും തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടു പോയിരിക്കുന്നു. ടി ആധാരങ്ങൾ സംബന്ധമായി ആർക്കെങ്കിലും വല്ല ബാധ്യതകൾ ഉണ്ടെങ്കിലോ ആർക്കെങ്കിലും കിട്ടുകയോ ചെയ്തിട്ടുണ്ടെങ്കിലോ, വസ്തു ഈട് കൊടുത്ത് ഫെഡറൽ ബാങ്ക് ലിമിറ്റഡ് അത്താണി ശാഖയിൽ നിന്നോ, മറ്റേതെങ്കിലും ബാങ്കിൽ നിന്നോ ബിസിനസ്സ് സംബന്ധമായി ലോൺ എടുക്കുന്നതിനോ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം വസ്തു ഉടമയേയോ ടിയാൻെറ അഡ്വക്കേറ്റിനെയോ താഴെ വിലാസത്തിൽ പരസ്യ തീയതി മുതൽ 10 ദിവസത്തിനകം അറിയിക്കേണ്ടതാണ്.
ആന്റണി വിതയത്തിൽ
അഡ്വക്കേറ്റ് & നോട്ടറി, സബ് ജയിൽ റോഡ്, ആലുവ.
Mob. 9895277543
E1908-406279

CELLA SPACE LIMITED
(Formerly known as Sree Sakthi Paper Mills Limited)
CIN: L93000KL1991PLC006207
Sree Kailas, Paliam Road, Ernakulam, Kochi -16
EXTRACT OF STANDALONE UNAUDITED FINANCIAL RESULTS FOR THE QUARTER ENDED 30th JUNE 2019

| Particulars | STANDALONE (Rs. In Lakhs) | | | |
|---|---|---|---|---|
| | Unaudited | Audited | Unaudited | Audited |
| | Quarter ending 30.06.2019 | Quarter ending 31.03.2019 | Quarter ending 30.06.2018 | Year to Date 31.03.2019 |
| Total Income from Operations (net) | 13.55 | 17.25 | 3.55 | 393.34 |
| Net Profit/ (loss) from ordinary activities before tax | (113.47) | (194.98) | (100.57) | (161.05) |
| Net Profit/ (loss) for the period after tax | (113.47) | (158.91) | (107.54) | 190.71 |
| Total Comprehensive income for the period and other comprehensive income (after tax) | (113.47) | (157.27) | (107.54) | 192.35 |
| Equity Share capital | 182.01 | 182.01 | 182.01 | 182.01 |
| Reserves (Excluding revaluation reserve) | - | - | - | - |
| Earnings per share (Rs.10/- each)) | - | - | - | - |
| - Basic | (0.62) | (0.86) | (0.59) | 1.06 |
| - Diluted | (0.58) | (0.81) | (0.55) | 0.99 |
| Revenue from Operations | 12.06 | - | - | - |

Sd/-
Place: Chennai
S. Rajkumar
Date : 12/08/2019
Vice Chairman and Managing Director
Note : The above is an extract of the detailed format of quarterly financial results filed with the Bombay Stock Exchange as per Regulation 33 of the SEBI (Listing Obligations and Disclosure Requirements), Regulations, 2015. The full format of the quarterly financial results is available on the Bombay Stock Exchange website www.bseindia.com
E1908-406281